കേരള സാഹിത്യഅക്കാഡമി

നവമ്പർ 1—ാംനു- മലയാളികൾക്കു ഒരു സ്റ്റേറ്റുണ്ടാവുകയാണ്. ഏകീകൃതമെന്നപോലെ ജനാധിപത്യപരവും കൂടിയായിരിയ്ക്കും ഈ പുതിയ സംസ്ഥാനം. രാജവാഴ്ചയുടെ അവസാനത്തെ ചിഹ്നങ്ങൾപോലും അന്നു് അപ്രത്യക്ഷമാവും. ക്രമസമാധാനങ്ങൾ പാലിയ്ക്കുന്നതിലെന്നപോലെത്തന്നെ, ജനങ്ങളുടെ ആത്മികഭദ്രതയിലും സാംസ്കാരികവികസനത്തിൽക്കൂടിയും താല്പര്യമുള്ള ഒരു ഗവമ്മേണ്ടു് കേരളത്തിലുണ്ടാവും. സാഹിത്യപോഷണവും അപ്പോൾ ഗവമ്മേണ്ടിന്നു താല്പര്യമുള്ള ഒരു വിഷയമായിത്തീരും.

ജനാധിപത്യത്തിന്റെ സാഹിത്യം

സാഹിത്യപോഷണത്തിന്നു് ഇന്നു ഇവിടെ ഏററവുമധികം അത്യാവശ്യമായിട്ടുള്ളതു് ആധുനികവിജ്ഞാനത്തിന്റെ പരശ്ശതം ശാഖകളിലേയ്ക്കു പ്രകാശം പരത്തുന്ന കന്നാംതരം ഗ്രന്ഥങ്ങൾ കുറെയേറെ ഉണ്ടാവുകയാണ്. പഴമ പറഞ്ഞു് പടിയ്ക്കലിരിയ്ക്കേണ്ട കാലമല്ല ഇതു്. ശാകുന്തളവും രൂബായിയാത്തും നൂറെറാന്നാവത്തിച്ചു് തർജ്ജമചെയ്തിട്ടു് ഫലമില്ല. ജനാധിപത്യത്തിന്റെ അടിസ്ഥാനം സംസ്കാരസമ്പന്നനായ സാധാരണക്കാരനാണ്. സാധാരണക്കാരന്നു് എല്ലാററിനെപ്പററിയും സാമാന്യജ്ഞാനമെങ്കിലും ഉണ്ടാവണം. ഇതിന്നു എല്ലാ വിഷയങ്ങളിന്മേലും ബാഹ്യരേഖകൾ ലളിതമായി വരച്ചുകാട്ടുന്ന ഗ്രന്ഥങ്ങൾ വളരെയധികം ഉണ്ടാവണം. വിദ്യാഭ്യാസം മാതൃഭാഷയിലൂടെയാവണമെന്നും, എല്ലാവർക്കും അക്ഷരാഭ്യാസം നിർബ്ബന്ധമായിരിയ്ക്കണമെന്നുംമററും നാം വാദിയ്ക്കുന്നതിന്നുമുമ്പു്, ഇത്തരം ഗ്രന്ഥങ്ങൾ ധാരാളമുണ്ടാക്കാൻവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടിയിരിയ്ക്കുന്നു. മററതു് വളയില്ലാത്ത ചിട്ടമാണ്.

ഒററക്കൊററക്കു് ചില വ്യക്തികൾക്കോ ഏതാനും പ്രസാധകന്മാർക്കോ കമ്പനികൾക്കോ ചെയ്യാവുന്ന പണിയല്ല ഇതു്. സാമ്പത്തികരംഗത്തിൽ പ്ലാനിംഗ് ആവശ്യമില്ലെങ്കിൽ സാംസ്കാരികരംഗത്തിലും അതു് അനുപേക്ഷണീയമാണ്. ഗവർമ്മേണ്ടിന്റെ നേതൃത്വത്തിൽ, വിദഗ്ദ്ധസഹായത്തോടെ ആവിഷ്കരിക്കപ്പെട്ട ഒരു പഞ്ചവത്സരപദ്ധതിയനുസരിച്ചു് ഈ സാഹിത്യപോഷണം നിർവ്വഹിക്കേണ്ടതാണ്. എന്നാൽ മാത്രമേ നാമുദ്ദേശിക്കുന്ന കാലത്തിനുള്ളിൽ ഉദ്ദിഷ്ടഫലം ഏററവും ചുരുങ്ങിയ ചെലവിൽ, ഉളവാക്കാൻ കഴിയൂ.

ഉത്തർപ്രദേശിന്റെ മാതൃക

ഏകദേശം ഒരു കൊല്ലംമുമ്പ് ഓങ്ങല്ലൂർ കെ. ടി. രാവുണ്ണിമേനോൻ സ്മാരകവായനശാലയുടെ ഉൽഘാടനയോഗത്തിൽവെച്ചും, പിന്നീട് എറണാകുളത്തു് സാഹിത്യപരിഷത്സമ്മേളനത്തിൽവെച്ചും മലയാളസാഹിത്യത്തിന്നു് ഒരു പഞ്ചവത്സരപദ്ധതി എന്ന ആശയത്തെപ്പററി ചർച്ചകൾ നടക്കുകയുണ്ടായി, ഇക്കാര്യത്തെപ്പററി ചർച്ചകൾ നടക്കുകയുണ്ടായി. ഇക്കാര്യത്തെപ്പററി കേരളഗവമ്മേണ്ടു് ഇനിയും ആലോചിച്ചിട്ടില്ല. എന്നാൽ, രാജ്യത്തിന്റെ സാംസ്കാരികാഭിവൃദ്ധിയിൽ താല്പര്യമുള്ള ചില സ്റ്റേറ്റുഗവമ്മേണ്ടുകൾ ഇന്ത്യയിൽ ഇല്ലാതില്ല. ഉത്തർപ്രദേശിലെ ഗവർമ്മേണ്ടു് ഹിന്ദിഭാഷയുടെ അഭിവൃദ്ധിക്കു് ഒരു പഞ്ചവത്സരപദ്ധതി തയ്യാറാക്കിയിട്ടുള്ളതായി ഇപ്പോൾ അറിവായിട്ടുണ്ടു്. അഞ്ചുകൊല്ലംകൊണ്ടു് മുന്നൂറോളം കന്നാംതരം ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ സ്വതന്ത്രകൃതികളുമുണ്ടു്, തർജ്ജമകളുമുണ്ടു്. തയ്യാർചെയ്തു് പ്രസിദ്ധപ്പെടുത്താനാണ് ഇവരുടെ ശ്രമം. ഇന്ത്യയിലെ പ്രമുഖ പണ്ഡിതന്മാരിൽ പലരുടേയും പിന്തുണ ഈ പദ്ധതിക്കുണ്ടു്. ഇതിനകം താഴെപ്പറയുന്ന അഞ്ചു ഗ്രന്ഥങ്ങൾ ഇവർ പ്രസിദ്ധംചെയ്തുകഴിഞ്ഞു.

1. ഇന്ത്യൻജ്യോതിഷത്തിന്റെ ചരിത്രം (272 പേജ്)
2. തത്വജ്ഞാനം (205 പേജ്)
3. ഇന്ത്യൻ കണക്കശാസ്ത്രത്തിന്റെ ചരിത്രം—1—ാംഭാഗം(238പേജ്)
4. അരിസ്റ്റോട്ടിലിന്റെ രാജനീതി—ഗ്രീക്കിൽനിന്നു തർജ്ജമ (647 പേജ്)
5. ഉത്തരപ്രദേശത്തിൽ ബുദ്ധമതത്തിന്റെ വികാസം (338 പേജ്)

നല്ല കടലാസ്സിൽ ഭംഗിയായച്ചടിച്ചു് കട്ടിക്കാലിക്കോ ബയണ്ടുചെയ്തവയാണ് ഈ പുസ്തകങ്ങൾ. സാഹിത്യാഭിവൃദ്ധിയ്ക്കു് ഒരു പഞ്ചവത്സരപദ്ധതിയുടെ ആവശ്യവും പ്രായോഗികതയും അങ്ങിനെ ഇന്ത്യയിലെ ഒരു സ്റ്റേററ്ഗവർമ്മേണ്ടെങ്കിലും അംഗീകരിച്ചുകാണുന്നതിൽ നമുക്കു സന്തോഷിയ്ക്കുക.

അക്കാദമിയ്ക്കും അറിയാം

കേരളസാഹിത്യഅക്കാദമിയുടെ ഉദ്ഘാടനത്തെത്തുടർന്നു് തിരുവനന്തപുരത്തു ചേർന്ന ജനറൽകൌൺസിൽ യോഗത്തിൽ അദ്ധ്യക്ഷൻ സർദാർ കെ. എം. പണിക്കർ ചെയ്ത പ്രസംഗത്തിൽ സാഹിത്യാഭിവൃദ്ധിയ്ക്കു് ഒരു പദ്ധതിയുണ്ടാവേണ്ടതിനെപ്പററിയുള്ള സൂചനകളുണ്ടായിരുന്നു. ജനതയുടെ സാമാന്യജ്ഞാനം വളർത്തുന്നതിന്നു് ലോകസാഹിത്യത്തിലെ ചില ഉത്തമഗ്രന്ഥങ്ങൾ തിരഞ്ഞെടുത്തു തർജ്ജമചെയ്യിയ്ക്കുവാനൊരു ഉപകമ്മിററിയേയും, ശാസ്ത്രീയഗ്രന്ഥങ്ങൾ തയ്യാറാക്കുവാൻ മറെറാരുപകമ്മിററിയേയും അവിടെവെച്ചു നിശ്ചയിച്ചിട്ടുമുണ്ടു്. പഴയ സാഹിത്യത്തിന്മേലുണ്ടായിരുന്ന ഊന്നൽ ഏതാണ്ടു പരിത്യജിയ്ക്കപ്പെട്ടതായാണ് കാണുന്നതു്. ഇതെത്രയും ആശാസ്യമാണെന്നു പറയേണ്ടതില്ല. ഇന്ത്യൻ ഭാഷകളിലെ ക്ലാസ്സിക്കുകൾ പരസ്പരം വിവർത്തനം ചെയ്യിയ്ക്കുകയായിരുന്നു ഇതിന്നുമുമ്പ് സാഹിത്യഅക്കാദമിയുടേയും ഇപ്പോഴും സൌത്ത്ഇന്ത്യാ ബുക്ക്ട്രസ്റ്റിന്റേയും പ്രവർത്തനപരിപാടികളിൽ മലയാളസാഹിത്യത്തിന്റെ അഭിവൃദ്ധിയ്ക്കു് ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കാനും അതു നടപ്പിൽ വരുത്തുവാനും അക്കാഡമിക്കു കഴിയുമോ എന്നതാണ് പ്രശ്നം.

എൻ. വി. കൃഷ്ണവാരിയർ

മുഖ്യമായ ഒന്നു്. ഇതൊരർത്ഥമില്ലാത്ത ഏർപ്പാടാണെന്നു് ബുദ്ധിയുള്ള ആർക്കും എളുപ്പത്തിൽ മനസ്സിലാവും. നമ്മുടെ ക്ലാസ്സിക്കുകളിലധികവും വാത്മീകിരാമായണത്തിന്റെ തർജ്ജമകൊണ്ടു് നിർവ്വഹിയ്ക്കാനാവാത്ത ആവശ്യമൊന്നും കമ്പനേറയോ തുളസീയുടേയോ കൃത്തിവാസന്റെയോ രാമായണത്തിന്റെ തർജ്ജമകൊണ്ടും നിറവേററാനാവുകയില്ല. ശാകുന്തളം പോലെ രാമായണവും നൂറെറാന്നാവത്തിയ്ക്കുന്നതു് തികച്ചും നിഷ്ഫലമാണ്.

കാര്യം നടക്കുമോ?

കേരളസാഹിത്യ അക്കാദമിയുടെ അദ്ധ്യക്ഷന്റെ വീക്ഷണത്തിൽക്കാണുന്ന ഈ പരിവർത്തനം അക്കാദമിയുടെ പ്രവർത്തനത്തിലും പ്രതിഫലിയ്ക്കുമോ? ഇതുസംബന്ധിച്ചു് എനിക്കിന്നും ആശയേക്കാളേറെ ആശങ്കയാണുള്ളതു്. കാര്യക്ഷമമായ ഒരു പ്രവർത്തനത്തിന്നും പററിയ രീതിയിലല്ല ഇന്നു് അക്കാദമിയുടെ ഘടനം നന്നെ കുറച്ചു് പണമെ ഇന്നതിന്റെ സ്വാധീനത്തിലുള്ളു. ആകെ ഏഴായിരം ക. ഇതു പിന്നീടു് വർദ്ധിപ്പിച്ചാൽത്തന്നെയും, അതിൽനിന്നു ചെലവുചെയ്യണമെങ്കിൽ, ഇന്നത്തെ നിലയ്ക്കു്, വളരെ പ്രയാസമുണ്ടു്. സാഹിത്യഅക്കാദമിയുടെ ഭരണഘടനയിൽ മാററങ്ങൾ നിർദ്ദേശിക്കാനൊരുപകമ്മിററിയെ തിരുവനന്തപുരത്തുവെച്ചു നിയമിയ്ക്കുകയുണ്ടായി. ഇവർ ഇപ്പോഴുള്ള നിയമത്തിൽ സാരമായ ഭേദഗതികൾ നിർദ്ദേശിയ്ക്കുകയും, ഗവമ്മേണ്ടു് അവ അംഗീകരിയ്ക്കുകയും, അങ്ങിനെ അക്കാദമി തികച്ചും സ്വതന്ത്രവും സ്വയംഭരണാധികാരമുള്ളതുമായ ഒരു സംഘടനയായിത്തീരുകയും, അതിന്നു വേണ്ടത്ര പണം വകയിരുത്തിക്കിട്ടുകയും ആണെങ്കിൽ—എങ്കിൽ, ഒരുപക്ഷെ, വല്ലതും ചെയ്യാൻ അക്കാദമിയ്ക്കു കഴിഞ്ഞേക്കാം.

ആണിസ്ഥാനം

ഇന്നു അക്കാദമിയിലുള്ള അംഗങ്ങളിലധികംപേരും സ്വതന്ത്രമായ ചിന്തയ്ക്കോ പ്രവർത്തനത്തിന്നോ പ്രസിദ്ധിയാർജ്ജിച്ചവരല്ല. താഴ്ന്നുകഴിഞ്ഞ ചക്രച്ചില്ലുകളിൽക്കൂടി സ്വന്തം വണ്ടി ഓടിയ്ക്കാനാണ്, പുതിയ വഴികൾ തെളിയിയ്ക്കാനല്ല, അവരിൽ പലരും ഇഷ്ടപ്പെടുക എന്നു് അവരോടുള്ള പരിചയംവെച്ചുതന്നെ ഞാൻ പറയുന്നു. ഇതു് ആരേയും വേദനിപ്പിയ്ക്കാൻ പറയുന്നതല്ല, ഇനി പതിനാലംഗങ്ങളെക്കൂടി തിരഞ്ഞെടുക്കാനുണ്ടു്. അവർ ആരെല്ലാമായിരിയ്ക്കുമെന്നറിഞ്ഞുകൂടാ. അവരുടെ വരവോടുകൂടി, അക്കാദമി ജനറൽകൌൺസിലിന്റെ സ്വഭാവത്തിലും വ്യത്യാസം വന്നുകൂടാന്നില്ല. സംഖ്യാപരമായ വർദ്ധനഗുണപരമായ മാററത്തിന്നു കാരണമാവുമെന്നതാണല്ലോ ദ്വന്ദ്വാത്മക ഭൌതികവാദത്തിലെ ഒരു പ്രധാന സിദ്ധാന്തം.

അക്കാദമിയുടെ ഭരണത്തിന്നുത്തരവാദപ്പെട്ട എക്സിക്യൂട്ടീവ് കമ്മിററിയിൽ ഭൂരിപക്ഷവും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായിരിക്കുന്നവിധത്തിലാവണം പുതിയ ഭരണഘടന തയ്യാറാക്കുന്നതെന്ന നിർദ്ദേശം, ഭരണഘടന മാററിയെഴുതാൻ നിയമിച്ച ഉപസമിതിക്കു് ജനറൽ കൌൺസിൽ നൽകിയിട്ടുണ്ടു്. ഇപ്പോൾ എക്സിക്യൂട്ടീവ് കമ്മിററിയിൽ തിരഞ്ഞെടുത്ത അംഗങ്ങൾ രണ്ടുമാത്രമാണ്. തിരഞ്ഞെടുത്തവർക്കു ഭൂരിപക്ഷമുണ്ടായാൽ എക്സിക്യൂട്ടീവ്കമ്മിററി കുറേക്കൂടി പ്രവർത്തനോന്മുഖമായിക്കൂടെന്നില്ല.

മുഴുവൻ സമയവും പ്രവർത്തിയ്ക്കുന്ന ഒരു സിക്രട്ടറി അക്കാദമിയ്ക്കുണ്ടായിരിയ്ക്കും. അക്കാദമിയുടെപ്രവർത്തനമത്രയും ഈ സിക്രട്ടറിയെയാണ് യഥാർത്ഥത്തിൽ ആശ്രയിച്ചിരിയ്ക്കുക. സിക്രട്ടറി നിഷ്ക്രിയനെങ്കിൽ അക്കാദമികൊണ്ടു് ഒരുകാര്യവുംനടക്കില്ല. സിക്രട്ടറി ഉത്സാഹശീലനെങ്കിൽ ചുക്കപ്പനാടയുടെ കെട്ടുമുറക്കം എത്രതന്നെയുണ്ടായാലും, എന്തെങ്കിലും ചിലതു ചെയ്യാൻ അയാൾക്കു സാധിച്ചേയ്ക്കും. സിക്രട്ടറിയുടെ നിയമനത്തിൽ, ഇന്നത്തെ നിലയിൽ, അക്കാദമിയിലെ അംഗങ്ങൾക്കു് ഒരു കയ്യുമില്ല. അക്കാദമി അദ്ധ്യക്ഷന്റെ ശുപാർശപ്രകാരം രാജപ്രമുഖനോ, നവമ്പർ 1—ാംനു-ക്കു ശേഷമാണെങ്കിൽ ഗവണ്ണറോ ആണ്. ഈ നിയമനം നടത്തുക. ആരുടെയെങ്കിലും ജാമാതാവോ മകനോ ആണെന്ന കാരണത്തിൽ ഒരു സുന്ദരവിഡ്ഢിയെ ആ സ്ഥാനത്തേയ്ക്കു കെട്ടിയെഴുന്നെള്ളിയ്ക്കുകയില്ലെന്നു് നമുക്കാശിയ്ക്കുക. ആണിസ്ഥാനത്തുള്ള ഈ മനുഷ്യൻ കൊള്ളരുതാത്തവനായാൽ, അക്കാദമികൊണ്ടു് പിന്നെ ഒരുപയോഗവുമുണ്ടാവില്ല.

വേണമെങ്കിൽ നന്നാവാം

ചൂർക്കത്തിൽ ഇതാണിന്നു് കേരളസാഹിത്യ അക്കാദമി യുടെ സ്ഥിതി. വേണ്ടത്തിക്കൊണ്ടുവന്നാലതിന്നു പലതും ചെയ്യാൻ കഴിയും. വേണമെങ്കിൽ അതിനെ അങ്ങിനെത്തന്നെ മരവിപ്പിച്ചു് പല്ലുവട്ടിലെ പട്ടിയാക്കി നിർത്തുകയും ചെയ്യാം. അതിന്റെ ശുപാവപ്രണയസംബന്ധിച്ചു് പല ആക്ഷേപങ്ങളുമുണ്ടായിട്ടുണ്ടു്. അവയിൽ കുറച്ചൊക്കെ അർത്ഥവും ഇല്ലായ്കയില്ല. എന്നാലും അക്കാദമി ഒരു ബഹുജനസംഘടനയാവണമെന്നോ, ബഹുജനങ്ങളുടെ വോട്ടുകൊണ്ടായിരിക്കണം അതിലേക്കാളുകളെ തിരഞ്ഞെടുക്കണമെന്നോ, എല്ലാ ജാതികൾക്കും മതങ്ങൾക്കും കക്ഷികൾക്കും താല്പര്യങ്ങൾക്കും തൊഴിലുകൾക്കും അതിൽ പ്രാതിനിദ്ധ്യം വേണമെന്നോ, ആരും പറയുമെന്നു തോന്നുന്നില്ല. കൊള്ളാവുന്ന ചിലർ അതിലുൾപ്പെട്ടിട്ടില്ലെന്നതുകൊണ്ടോ, കൊള്ളരുതാത്ത ചിലർ ഉൾപ്പെട്ടുവെന്നതുകൊണ്ടോ വലിയ തരക്കേടാനും വരാനുമില്ല. തരക്കേടുവരുക നിഷ്ക്രിയതകൊണ്ടാണ്, സ്വയം മരവിപ്പിക്കാതിരിക്കാൻ അക്കാദമി അംഗങ്ങൾ ശ്രദ്ധിച്ചുകൊള്ളട്ടെ. അല്ലാത്തപക്ഷം, മററു സാഹിത്യങ്ങൾ പുരോഗമിക്കുമ്പോൾ, മലയാളസാഹിത്യത്തിന്റെ പുരോഗതിയെ സഹായിച്ചിട്ടില്ലെന്നു മാത്രമല്ല, അതിനെ തടസ്ഥപ്പെടുത്തുകകൂടി ചെയ്തു എന്നു് അവരെ ചൂണ്ടി കേരളീയജനത വിധിയെഴുതും. അതിന്നവർ ഇടവരുത്താതിരിക്കട്ടെ.

MATCHES

For your all kinds of Photographs

കേരളവും ഭൂനിയമപരിഷ്കരണവും

(പുതിനൊന്നാം പേജിൽ തുടർച്ച)

കൊടുക്കേണ്ടതില്ല. തിരുകൊച്ചിയിലെ വെറുമ്പാട്ടുകുടിയാന്മാർക്കു് ഈ നി